നിർബന്ധിത കമ്പ്യൂട്ടർ പരിജ്ഞാനം

116 (1145) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് അടക്കമുള്ള പി.എസ്.സി.-യുടെ അസിസ്റ്റന്റ്/ക്ലറിക്കൽ തസ്തികകളിലേക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാക്കിയതിനാൽ 13 കോഴ്സുകൾ ഇതിന് വേണ്ടി അംഗീകരിച്ചുകൊണ്ട് 7-8-2012-ൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ പി&എ.ആർ.ഡി.-ക്ക് കത്ത് നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സുകളിൽ കേരളത്തിലെ തന്നെ മറ്റ് യൂണിവേഴ്സിറ്റികളുടെ സമാന കോഴ്സുകൾ ഉൾപ്പെട്ടിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധമായി മുനവിറ കെ. അത്തിക്കാട്ട് ഹൗസ്, ആലിൻ ചുവട്, കുഴിമണ്ണ പി.ഒ., മലപ്പുറം എന്നയാൾ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ 534/VIP/13 (M) (Edn) dt. 18-3-2013 നമ്പറായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കത്തിടപാടുകളുടെ പകർപ്പ് സഹിതം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിഷയം പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

എഞ്ചിനീയറിംഗ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം

117 (1146) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞവർഷം എത്ര സീറ്റുകൾ നിലവിലുണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് പ്രവേശനം നൽകിയെന്നും പറയാമോ ;

(ബി) എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അതിനുള്ള കാരണങ്ങളും പറയാമോ ;

(സി) സംസ്ഥാനത്തൊട്ടാകെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത എത്ര സീറ്റുകൾ ഉണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് പ്രവേശനം നൽകിയെന്നും പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly